DESPATCHED On..11.3.2020
21/1/20



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic. ker@nic.in

**ഹർജി നമ്പർ AP No.1813(2)/2019/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.14229/എസ്.ഐ.സി–ജി 6/2019)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. മുകേഷ് പി.ടി,<br>വാരിയത്ത് ഹൗസ്, കണ്ണമംഗലം പി.ഒ,<br>വേങ്ങര, മലപ്പുറം – 676304. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം,<br>സമഗ്ര ശിക്ഷാ, കേരളം (എസ്.എസ്.കെ),<br>എസ്.എസ്.എ.ഭവൻ, നന്ദാവനം,<br>തിരുവനന്തപുരം– 695 033.<br>2. അപ്പീൽ അധികാരി,<br>സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം,<br>സമഗ്ര ശിക്ഷാ, കേരളം (എസ്.എസ്.കെ),<br>എസ്.എസ്.എ.ഭവൻ, നന്ദാവനം,<br>തിരുവനന്തപുരം– 695 033. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | **06.06.2019** |
| മറുപടി ലഭ്യമാക്കിയ തീയതി | **15.06.2019** |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.08.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.08.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27.08.2019 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.01.2020 & സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മുകേഷ് പി.ടി 24.08.2019 ന് സമർപ്പിച്ച അപ്പീൽ ഹർജി 27.08.2019 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1813(2)/2019/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി ഫീസ് അടയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ഫീസ് ഒടുക്കിയെങ്കിലും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 06.06.2019 ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2019-2020 അധ്യായന വർഷത്തിൽ മധ്യവേനൽ അവധി കഴിഞ്ഞ് വിദ്യാലയങ്ങൾ തുറക്കുമ്പോൾ നടത്തുന്ന പ്രവേശനോത്സവം പരിപാടിക്കുവേണ്ടി സമഗ്ര ശിക്ഷ കേരള തയ്യാറാക്കി പ്രസിദ്ധീകരിച്ച പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് 2019-2020 അധ്യായന വർഷത്തിൽ ആരുടെ ഗാനമാണ് സെലക്ട് ചെയ്തത്, ഗാനങ്ങൾ ക്ഷണിച്ചുകൊണ്ട് ഏതെല്ലാം പത്രങ്ങളിലാണ്, ഏതെല്ലാം എഡിഷനുകളിലാണ് അറിയിപ്പ് കൊടുത്തിരുന്നത് എന്നതുമായി ബന്ധപ്പെട്ട് 9 വിവരങ്ങളായിരുന്നു.

4. ഒന്നാം എതിർകക്ഷി 15.11.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 06.06.2019 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ 15.06.2019 ൽ മറുപടി നൽകിയിരിന്നുവെന്നും ആവശ്യപ്പെട്ടിരുന്ന വിവരങ്ങളുടെ പകർപ്പിനായി 434/-രൂപ അടച്ച് ചെലാൻ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയതനുസരിച്ച് ടിയാൻ തുക ഒടുക്കി ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കുകയും ചെയ്തു. എന്നാൽ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ ചിലത് വിവരാവകാശ നിയമത്തിലെ 8(1)(ഡി) വകുപ്പിൽപ്പെടുന്ന വിഷയങ്ങളായതിനാൽ ടി വിവരങ്ങളുടെ പകർപ്പുകൾ നൽകുവാൻ കഴിയില്ലായെന്ന് ഖേദപൂർവ്വം 19.07.2019 ൽ ടിയാനെ അറിയിക്കുകയും അധികമായി ഒടുക്കിയ 430/- രൂപ തിരികെ നൽകുകയും ചെയ്തു. തുടർന്ന് ടി വിവരം

തൃപ്തികരമല്ലെന്ന് കാണിച്ച് 27.07.2019 ൽ അപ്പിൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ വിവരാവകാശ നിയമം 8(1)(ഡി) വകുപ്പിൽപ്പെടുന്ന വിഷയമായതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ കഴിയില്ലായെന്ന മറുപടി നൽകി അപ്പീൽ തീർപ്പാക്കുകയും ചെയ്തുവെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 06.01.2020 ൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച 6(1) അപേക്ഷയ്ക്ക് എതിർകക്ഷികൾ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും അപ്പീൽ ഹർജിക്കാരൻ 6(1) അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം പ്രസ്തുത ഓഫീസിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമല്ലായെന്ന മറുപടി നൽകേണ്ടതിനു പകരം ഫീസ് ഒടുക്കാൻ ആവശ്യപ്പെടുകയാണ് എതിർകക്ഷി ചെയ്തിരിക്കുന്നത്. അപ്പീൽ ഹർജിക്കാരൻ ഫീസ് ഒടുക്കിയതിനു ശേഷമാണ് വിവരാവകാശ നിയമം 8(1)(ഡി) വകുപ്പിൽപ്പെടുന്ന വിഷയമായതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ കഴിയില്ലായെന്ന മറുപടി നൽകിയിരിക്കുന്നത്. ആയത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും വിവരാവകാശ നിയമത്തെ ഗൗരവത്തോടെ കാണണമെന്നും താക്കീത് നൽകിക്കൊണ്ട് ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ജനുവരി 21- ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

JN

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM